# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 212 — 03.02.2020- ൽ മറുപടിയ്ക്ക്

## ജയിലുകളിൽ കഴിയുന്നവരുടെ പുനരധിവാസം

| ചോദ്യം<br>ശ്രീമതി പി. അയിഷാപോറ്റി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നവരുടെ പുനരധിവാസത്തിനായി സർക്കാർ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) & | ജയിൽ അന്തേവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ ക്ഷേമ പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നു. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിയ്ക്കുന്ന തരത്തിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത ഏജൻസികൾ മുഖാന്തിരം വർഷം തോറും തടവുകാരുടെ ക്ഷേമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ബി) ഏതെല്ലാം പദ്ധതികൾ ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (ബി) | തൊഴിൽ പരിശീലന പരിപാടി കൂടാതെ തടവുകാരുടെ മനപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിൽ മതപരമായ സാന്മാർഗിക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയുള്ള ക്ഷേമ പരിപാടികൾ കൂടാതെ കൗൺസിലിംഗ്, സാക്ഷരതാ ക്ലാസുകൾ, ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, കമ്പ്യൂട്ടർ ക്ലാസുകൾ, ലൈബ്രറി സംവിധാനങ്ങൾ, ടെലിവിഷൻ, എഫ്.എം. റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. അന്തേവാസികളുടെ കലാ കായിക മത്സരങ്ങൾ, കലാ സാംസ്കാരിക പരിപാടികൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പദ്ധതികളിലൂടെ ജയിൽ മോചനത്തിനുശേഷം അവരുടെ സമൂഹത്തിലെ പുനരധിവാസം സുഗമമാക്കുന്നതിന് സഹായിക്കുന്നു.<br>ഡ്രൈവിംഗ് പരിശീലനം, കാർപ്പെന്ററി, വീവിംഗ്, ടൈലറിംഗ്, അഗ്രിക്കൾച്ചറൽ ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, ഫിനോയിൽ, പേപ്പർ ബാഗ്, മെഴുകുതിരി, സോപ്പ് നിർമ്മാണം, കട നിർമ്മാണം, തടി കളിപ്പാട്ട നിർമ്മാണം, മുദ്ര പാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.റ്റി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ് സർവ്വീസ്, ചെണ്ടമേളം, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ പരിശീലനം, കമ്പ്യൂട്ടർ ഹാർഡ് വെയർ & |

| | |
|---|---|
| | മെയിന്റനൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ് ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ച് തെങ്ങുകയറ്റ പരിശീലനം, കുക്കറി, ബേക്കറി & കൺഫെക്ഷനറി എന്നീ തൊഴിൽ പരിശീലന പരിപാടികൾ ജയിലുകളിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ